I/115050/2023

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 20-03-2023

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്- മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് NOC എടുത്ത് വരുന്ന. കാർ/ടാക്സികൾക്ക് കേരളത്തിൽ ടാക്സിയായി രജിസ്ട്രേഷൻ അനുവദിക്കാത്തത് - നിർദ്ദേശങ്ങൾ നൽകുന്നത്

സൂചന :- ഇല്ല

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

നിലവിൽ പുതുതായി വാങ്ങുന്ന മോട്ടോർ കാറുകൾ വാഹന ഉടമകളുടെ അപേക്ഷ പ്രകാരം നേരിട്ട് ടാക്സിയായി രജിസ്റ്റർ ചെയ്ത് ടാക്സി നിരക്കിൽ നികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ കാർ / ടാക്സിയായി രജിസ്റ്റർ ചെയ്ത് NOC എടുത്തുവരുന്ന വാഹനങ്ങൾ [RMA] സംസ്ഥാനത്ത് ടാക്സിയായി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ വാഹനം ആദ്യം മോട്ടോർ കാർ ആയി Reassign ചെയ്ത് ഒറ്റത്തവണ നികുതി അടച്ചശേഷം വീണ്ടും അപേക്ഷ സമർപ്പിച്ച് വാഹനം ഹാജരാക്കി ടാക്സിയായി conversion ചെയ്യണമെന്ന് ചില RTO മാർ നിർബന്ധം പിടിക്കുന്നതായി പരാതികൾ വരുന്നുണ്ട്. മാത്രമല്ല ടി വാഹനം ടാക്സിയായി alteration നടത്തുമ്പോൾ മുൻപ് കാർ നിരക്കിൽ അടച്ച ഒറ്റത്തവണ നികുതി തിരിച്ച് നൽകേണ്ടതായും വരുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ മോട്ടോർ കാർ / ടാക്സിയായി രജിസ്റ്റർ ചെയ്ത് NOC എടുത്തുവരുന്ന വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് ടാക്സിയായി നേരിട്ട് Reassign ചെയ്യുന്നതിന് നിലവിൽ നിയമതടസ്സമില്ല. മാത്രമല്ല ടി വാഹനങ്ങളിൽ നിന്നും ടാക്സി നിരക്കിൽ നികുതി ഈടാക്കാവുന്നതുമാണ്. എന്നാൽ ടാക്സിയായി Reassign ചെയ്യുമ്പോൾ VLTD, Speed Governor തുടങ്ങി ടാക്സികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള എല്ലാ നിബന്ധനകളും പ്രസ്തുത വാഹനങ്ങളിൽ ഉണ്ടെന്ന് വാഹനം പരിശോധിക്കുന്നവർ ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെതന്നെ പ്രസ്തുത വാഹനങ്ങളുടെ സർവ്വീസ് നിരന്തരം പരിശോധിക്കേണ്ടതും ടി വാഹനം മോട്ടോർ കാർ ആയി ഉപയോഗിക്കുന്നില്ല [നമ്പർ പ്ലേറ്റ് മാറ്റി] എന്ന് RTO / JRTO മാർ ഉറപ്പുവരുത്തേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

Signed by
K Manojkumar
Date: 20-03-2023 17:16:25

,

K MANOJKUMAR
SR. DEPUTY TRANSPORT COMMISSIONER (TAX)

I/115050/2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in